"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് – ഫോറൻസിക് സയൻസ് ലബോറട്ടറി – ഇ-ഫോറൻസിക് 2.0 (e-Forensic 2.0) പോർട്ടൽ വഴി പരിശോധനാ റിപ്പോർട്ടുകൾ അപ്‌ലോഡ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1385/2026/HOME തീയതി,തിരുവനന്തപുരം, 20-04-2026

---

പരാമർശം:-

1. സംസ്ഥാന പോലീസ് മേധാവിയുടെ 23.07.2025 തീയതിയിലെ S2-15119/2024/PHQ നമ്പർ കത്ത്.
2. സംസ്ഥാന പോലീസ് മേധാവിയുടെ 29/12/2025 തീയതിയിലെ S2-204812/2025/PHQ നമ്പർ കത്ത്.

**ഉത്തരവ്**

ഫോറൻസിക് പരിശോധന പൂർത്തിയാക്കി റിപ്പോർട്ടുകൾ ഇ-ഫോറൻസിക് പോർട്ടലിൽ അപ് ലോഡ് ചെയ്താൽ ആയത് ICJS മുഖേന കോടതിയ്ക്കും പോലീസിനും ഓൺലൈനായി ലഭ്യമാകുന്നതാണെന്നും ICJS പ്രോജക്റ്റിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിലേക്കായി ഫോറൻസിക് പരിശോധന പൂർത്തിയാകുന്ന റിപ്പോർട്ടുകൾ ഇ-ഫോറൻസിക് പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണെന്നും അതിനാൽ ഇ-ഫോറൻസിക് 2.0 വേർഷൻ നിലവിൽ വരുമ്പോൾ two factor authentication ഏർപ്പെടുത്തി പരിശോധനാ റിപ്പോർട്ടുകൾ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിക്കുകയുണ്ടായി.

2. ക്രൈം ബ്രാഞ്ച് ആസ്ഥാനത്തെ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ (ക്രൈം ബ്രാഞ്ച്) അധ്യക്ഷതയിൽ ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്നു പ്രസ്തുത വിഷയം ചർച്ച ചെയ്തതായും ചുവടെ ചേർത്ത സുരക്ഷാ മുൻ കരുതലുകളോടെ പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുവാൻ കമ്മിറ്റി ശിപാർശ ചെയ്തതായും പരാമർശം (2) പ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

- റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് **VPN Connectivity** നിർബന്ധമായും ഉപയോഗിച്ചിരിക്കണം.
- റിപ്പോർട്ടുകൾ അപ്‌ലോഡ് ചെയ്യുന്നതിനായി **ഒ.ടി.പി അടിസ്ഥാനമാക്കിയുള്ള ഓതന്റിക്കേഷൻ** (OTP-based authentication) ഉറപ്പുവരുത്തണം.
- റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് മുൻപ് ലോഗിൻ പാസ്‌വേഡ് വീണ്ടും നൽകുകയോ അല്ലെങ്കിൽ റിപ്പോർട്ടുകൾ ഫോർവേഡ് ചെയ്യുന്നതിനായി പ്രത്യേക പാസ്‌വേഡ്

ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

- അംഗീകൃത സ്വീകർത്താക്കൾക്ക് മാത്രം ഒ.ടി.പി. അല്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പാസ്‌വേഡ് വഴി റിപ്പോർട്ടുകൾ തുറക്കാൻ കഴിയുന്നുണ്ടെന്ന് ഉറപ്പാക്കണം.

3.സംസ്ഥാന പോലീസ് മേധാവിയുടെയും ടെക്നിക്കൽ കമ്മിറ്റിയുടെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ, ഇ-ഫോറൻസിക് 2.0 വേർഷൻ നിലവിൽ വരുമ്പോൾ റിപ്പോർട്ടുകളുടെ അതീവ രഹസ്യസ്വഭാവം ഉറപ്പുവരുത്തി two factor authentication ഏർപ്പെടുത്തി പരിശോധനാ റിപ്പോർട്ടുകൾ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
2. സംസ്ഥാന ഫോറൻസിക് ലബോറട്ടറി, തിരുവനന്തപുരം
3. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
4. വിവര സാങ്കേതിക വകുപ്പ് (22/9/2025 തീയതിയിലെ IT Cell-2/196/2025- ITC നമ്പർ അഭിപ്രായക്കുറിപ്പ് മുഖേനെ)
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sini George
Date: 22-04-2026 12:48:47
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്